**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 501** **09-08-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ സാമ്പത്തികമായി ബുദ്ധിമുട്ടിക്കുന്നത് പ്രതിരോധിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തെ തകർക്കുന്ന നിലയിൽ കേന്ദ്രം സംസ്ഥാനത്തെ സാമ്പത്തികമായി ബുദ്ധിമുട്ടിക്കുന്നത് അവസാനിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (എ) | കേന്ദ്ര സർക്കാർ പിന്തുടരുന്ന സാമ്പത്തിക നയങ്ങൾ സംസ്ഥാന സർക്കാരിനെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് നയിക്കുകയാണ്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റവും. കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിനു ലഭിക്കേണ്ട വിഹിതത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്.<br><br>ഇതിനു പുറമേ സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന നിലപാട് സ്വീകരിച്ച് കേന്ദ്രസർക്കാർ 2022-23 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്തിന്റെ കടമെടുപ്പിൽ കുറവ് വരുത്തിവരുന്നുണ്ട് ഈ പ്രതിസന്ധിയിലും സംസ്ഥാനത്തിന്റെ തനത് നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും, അനാവശ്യ ചെലവുകൾ ചുരുക്കിക്കൊണ്ടും, വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തീവ്ര ശ്രമമാണ് സംസ്ഥാനം നടത്തികൊണ്ടിരിക്കുന്നത്.<br><br>സംസ്ഥാനത്തിന്റെ വായ്പാ പരിധി വർദ്ധിപ്പിക്കണമെന്ന് കേന്ദ്രസർക്കാരിനോട് സംസ്ഥാന സർക്കാർ പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് വിധേയമായി സംരക്ഷിക്കപ്പെടണ മെന്നും, ഭരണഘടനാ |

| | | | |
|---|---|---|---|
| | | | വ്യവസ്ഥകളിൽ നിന്നുള്ള വ്യതിയാനങ്ങളും സുപ്രധാന കേന്ദ്ര- സംസ്ഥാന സാമ്പത്തിക പ്രശ്നങ്ങളും പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹു. മുഖ്യമന്ത്രിയുടെ 19-01-2023 ലെ 133/CM/2023 നമ്പർ കത്ത് പ്രകാരം ബഹു. പ്രധാനമന്ത്രിക്ക് ഒരു നിവേദനം സമർപ്പിച്ചിട്ടുമുണ്ട്.<br><br>12.07.2023-ൽ സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്രധനകാര്യ മന്ത്രിക്ക് അയച്ച കത്തിൽ സംസ്ഥാനത്തിന്റെ നിലവിലെ വായ്പാപരിധി 1% കൂടി വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട് |
| (ബി) | സമാനാവസ്ഥ നേരിടുന്ന മറ്റു സംസ്ഥാനങ്ങളെ കൂടി പങ്കെടുപ്പിച്ചു ശക്തമായ നിയമ നടപടികൾ സ്വീകരിക്കുവാനുള്ള നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | കേന്ദ്ര സർക്കാർ പിന്തുടരുന്ന സാമ്പത്തിക നയങ്ങൾ സംസ്ഥാന സർക്കാരിനെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് നയിക്കുകയാണ്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റവും. കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിനു ലഭിക്കേണ്ട വിഹിതത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്.<br><br>ഇതിനു പുറമേ സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന നിലപാട് സ്വീകരിച്ച് കേന്ദ്രസർക്കാർ 2022-23 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്തിന്റെ കടമെടുപ്പിൽ കുറവ് വരുത്തിവരുന്നുണ്ട് ഈ പ്രതിസന്ധിയിലും സംസ്ഥാനത്തിന്റെ തനത് നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും, അനാവശ്യ ചെലവുകൾ ചുരുക്കിക്കൊണ്ടും, വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തീവ്ര ശ്രമമാണ് സംസ്ഥാനം നടത്തികൊണ്ടിരിക്കുന്നത്.<br><br>സംസ്ഥാനത്തിന്റെ വായ്പാ പരിധി വർദ്ധിപ്പിക്കണമെന്ന് കേന്ദ്രസർക്കാരിനോട് സംസ്ഥാന സർക്കാർ പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് വിധേയമായി സംരക്ഷിക്കപ്പെടണ മെന്നും, ഭരണഘടനാ വ്യവസ്ഥകളിൽ നിന്നുള്ള വ്യതിയാനങ്ങളും സുപ്രധാന കേന്ദ്ര- സംസ്ഥാന സാമ്പത്തിക പ്രശ്നങ്ങളും പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹു. മുഖ്യമന്ത്രിയുടെ 19-01-2023 ലെ 133/CM/2023 |

| | | | |
|---|---|---|---|
| | | | നമ്പർ കത്ത് പ്രകാരം ബഹു. പ്രധാനമന്ത്രിക്ക് ഒരു നിവേദനം സമർപ്പിച്ചിട്ടുമുണ്ട്.<br><br>12.07.2023-ൽ സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്രധനകാര്യ മന്ത്രിക്ക് അയച്ച കത്തിൽ സംസ്ഥാനത്തിന്റെ നിലവിലെ വായ്പാപരിധി 1% കൂടി വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട് |

സെക്ഷൻ ഓഫീസർ